## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1877 07.03.2018 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ സീസണിൽ ഉൾപ്പെടെ കഴിഞ്ഞ അഞ്ചു വർഷത്തെ ഓരോ സീസണിലും സംഭരിച്ച നെല്ലിന്റെ കണക്ക് വ്യക്തമാക്കാമോ; കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ പണം പൂർണമായും വിതരണം ചെയ്യുകയുണ്ടായോ;

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തെ സീസണുകളിൽ സംഭരിച്ച നെല്ലിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| സീസൺ | നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2012-13 | 1.01 |
| 2013-14 | 2.13 |
| 2014-15 | 2.14 |
| 2015-16 | 2.23 |
| 2016-17 | 1.29 |

കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ പണം പൂർണ്ണമായും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി) ഈ സീസണിൽ നെല്ല് സംഭരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; വിളവെടുക്കുന്ന നെല്ലെല്ലാം സമയബന്ധിതമായി സംഭരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരണത്തിനായി പാലക്കാട് ജില്ലയിലെ 12 മില്ലുകൾ ഉൾപ്പെടെ സംസ്ഥാനത്ത് 49 മില്ലുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതും നെല്ല് നൽകുവാൻ തയ്യാറായി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ നെല്ല് കൊയ്ത്തുകഴിഞ്ഞ ഉടൻതന്നെ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ആയതിന്റെ മേൽനോട്ടത്തിനായി ഓരോ പ്രദേശത്തും പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ജില്ലയിൽ എന്നാണ് നെല്ല് സംഭരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ 28.09.2017 മുതൽ ഈ സീസണിലെ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) കർഷകന് പണം നിർദ്ദിഷ്ട സമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എടുത്തിട്ടുള്ള മുൻകരുതലുകൾ വിശദമാക്കാമോ? | (ഡി) കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച ഉടൻതന്നെ സംഭരണവില പി.ആർ.എസ് ലോൺ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ